## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2771** **24-02-2026 - ൽ മറുപടിയ്ക്ക്**

## വനം വകുപ്പ് ഉദ്യോഗസ്ഥർക്കായുള്ള പരിശീലനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശീലനം, സ്കിൽ ഡെവലപ്മെന്റ്, വനസംരക്ഷണം, ഗവേഷണം എന്നിവ ലക്ഷ്യമാക്കി ഫോറസ്റ്റ് അക്കാദമി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; തിരുവനന്തപുരം ജില്ലയിലെ അരിപ്പയിൽ അക്കാദമി ആരംഭിക്കുന്നതിനുള്ള നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | അരിപ്പ സംസ്ഥാന വനപരിശീലന കേന്ദ്രത്തെ MOEF&CC യുടെ കീഴിലുള്ള Directorate of Forest Education, Dehradun-ന്റെ അംഗീകാരമുള്ള കേരള ഫോറസ്റ്റ് അക്കാദമി ആക്കി ഉയർത്തുന്നതിന്റെ ഭാഗമായി 29.11 കോടി രൂപയുടെ നബാർഡ് ധനസഹായത്തോടെയുള്ള അഡ്മിനിസ്ട്രേറ്റീവ് കം അക്കാഡമിക്ക് ബ്ലോക്ക്, ട്രെയ്നീസ് ഹോസ്റ്റൽ ബ്ലോക്ക്, എക്സിക്യൂട്ടീവ് ഹോസ്റ്റൽ ബ്ലോക്ക് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 07.05.2024-ന് ആരംഭിച്ചിട്ടുള്ളതും ടി പ്രവർത്തിയുടെ 50% പൂർത്തീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) | വനം വകുപ്പ് ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനായി നിലവിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് അരിപ്പ, വാളയാർ എന്നിവിടങ്ങളിൽ നൽകുന്ന പരിശീലനങ്ങളുടെ സ്വഭാവവും അവിടെയുള്ള വിവിധ വിഭാഗങ്ങളും വ്യക്തമാക്കാമോ; | (ബി) | വനം വകുപ്പ് ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനായി മാനവശേഷി വികസന വിഭാഗത്തിനു കീഴിൽ അരിപ്പ, വാളയാർ എന്നിവിടങ്ങളിലായി രണ്ടു സംസ്ഥാന വനപരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. ടി പരിശീലന കേന്ദ്രങ്ങളിൽ നിലവിൽ സംരക്ഷണ വിഭാഗം ജീവനക്കാരായ വൈൽഡ് ലൈഫ് അസിസ്റ്റന്റ് , റേഞ്ച് ഫോറസ്റ്റ് ഓഫീസർ, ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ഫോറസ്റ്റ് ഡ്രൈവർ തുടങ്ങിയവർക്കും കെ.എഫ്.ഡി.സി. ഫീൽഡ് ഓഫീസർ മാർക്കും പരിശീലനം നൽകി വരുന്നു. ഐ.എം.ജി.യുമായി സഹകരിച്ച് തിരുവനന്തപുരം , കൊച്ചി, കോഴിക്കോട് എന്നീ ശാഖകൾ മുഖാന്തിരം മിനിസ്റ്റീരിയൽ, ഫീൽഡ് ജീവനക്കാർക്കായുള്ള വിവിധ പരിശീലനങ്ങളും പി.ടി.പി. നഗറിലെ ട്രെയ്നിംഗ് സെന്റർ മുഖാന്തിരം ഇൻകം ടാക്സ്, ജി.എസ്.ടി. ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പരിശീലനങ്ങളും നൽകി വരുന്നുണ്ട്. |
| (സി) | വനം വകുപ്പിലെ വിവിധ തസ്തികകളിലുള്ള ജീവനക്കാർക്ക് (ബീറ്റ് ഫോറസ്റ്റ് ഓഫീസർ മുതൽ | (സി) | വനം വകുപ്പിലെ വിവിധ തസ്തികയിലുള്ള ജീവനക്കാർക്ക് ബീറ്റ് ഫോറസ്റ്റ് ഓഫീസർ മുതൽ |

| | | | |
|---|---|---|---|
| | റേഞ്ച് ഫോറസ്റ്റ് ഓഫീസർ വരെ) നൽകുന്ന നിർബന്ധിത പ്രാഥമിക പരിശീലനവും ഹ്രസ്വകാല റിഫ്രഷർ കോഴ്സുകളും സംബന്ധിച്ച വിശദാംശം നൽകാമോ; പോലീസ് പരിശീലനവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | | റേഞ്ച് ഫോറസ്റ്റ് ഓഫീസർ വരെ നൽകുന്ന നിർബന്ധിത പ്രാഥമിക പരിശീലനത്തിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>ഫോറസ്ട്രി പരിശീലനം ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് കേരളാ പോലീസ് അക്കാദമിയിൽ മൂന്നുമാസത്തെ പോലീസ് പരിശീലനം നൽകി വരുന്നു. ഇതുകൂടാതെ ഫീൽഡ് വിഭാഗം ജീവനക്കാർക്കായി "മനുഷ്യ-വന്യജീവി പാരസ്പര്യവും സംഘർഷ ലഘൂകരണവും" "അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ" എന്നീ വിഷയങ്ങളിലും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്കായി "മനുഷ്യ-വന്യജീവി പാരസ്പര്യവും സംഘർഷ ലഘൂകരണവും" എന്ന വിഷയത്തിലും ഹ്രസ്വകാല പരിശീലനങ്ങളും നൽകിവരുന്നുണ്ട്. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിയോഗിച്ചിട്ടുള്ള പഞ്ചായത്ത്തല ലെയ്സൺ ഓഫീസർക്കുള്ള പരിശീലനവും വനം വകുപ്പിന്റെ കീഴിലുള്ള പരിശീലന കേന്ദ്രങ്ങളിൽ നടന്നു വരുന്നു |
| (ഡി) | വനസംരക്ഷണവും വനഗവേഷണവും ശക്തിപ്പെടുത്തുന്നതിനായി വനം വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി പുതിയ ഡിപ്ലോമ/സർട്ടിഫിക്കറ്റ്/ഗവേഷണ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഡി) | വനം വകുപ്പിന് കീഴിലുള്ള മാനവശേഷി വികസന വിഭാഗത്തിൽ നിന്നും നിലവിൽ വിദ്യാർത്ഥികൾക്ക് വന പരിചയത്തിനുള്ള അനുമതി നൽകി വരുന്നുണ്ട്.<br><br>വിദ്യാർത്ഥികൾക്കായി പുതിയ ഡിപ്ലോമ/ ഗവേഷണ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം/സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | തസ്തിക | നിർബന്ധിത പ്രാഥമിക പരിശീലനങ്ങൾ |
|---|---|---|
| 1. | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | ആറ് മാസത്തെ ഫോറസ്റ്റി പരിശീലനവും,<br>മൂന്ന് മാസത്തെ പോലീസ് പരിശീലനവും |
| 2. | ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ | മൂന്ന് മാസത്തെ പരിശീലനം |
| 3. | റെയഞ്ച് ഫോറസ്റ്റ് ഓഫീസർ<br>( By Promotion) | മൂന്ന് മാസത്തെ പരിശീലനം |
| 4. | വൈൽഡ്ലൈഫ് അസിസ്റ്റന്റ് ഗ്രേഡ് II | ഒരു വർഷത്തെ പരിശീലനം |
| 5. | ഫോറസ്റ്റ് ഡ്രൈവർ ഗ്രേഡ് II | മൂന്ന് മാസത്തെ പരിശീലനം |